നമ്പർ. സി4/3986/2025/STDD 07-01-2026

# താൽപര്യപത്രം

തൊഴിൽ 2025-26 സാമ്പത്തികവർഷം പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലനം നൽകുന്നതിനായി നൈപുണ്യ വികസന പരിശീലന സ്ഥാപനങ്ങളിൽ നിന്ന് ചുവടെ ചേർത്തിരിക്കുന്ന ട്രേഡിൽ റെസിഡൻഷ്യൽ കോഴ്സുകളിലേക്ക് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

| **Course Name** | **Course Duration** | **Approval** | **No. of Students to be Trained** |
|---|---|---|---|
| Post Graduate Programme in Data Science and Machine Learning | 12 months (9 months course including 1 month Capstone Project + 3 months internship) | Govt. of India /Govt. of Kerala | 30 |

- പരിശീലനത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുന്ന സ്ഥാപനം 9 മാസത്തെ പരിശീലനവും (ക്ലാസ്സ് +ലാബ്) 3 മാസത്തെ ഇന്റേൺഷിപ്പും നൽകേണ്ടത് കേരളത്തിലെ ഏതെങ്കിലും I T പാർക്കുകളിൽ വെച്ചായിരിക്കണം.
- കുട്ടികളെ തെരഞ്ഞെടുക്കേണ്ടത് അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം.
- Programme curriculum NSQF Level 6 Framework ന് അനുസൃതമായി രൂപകല്പന ചെയ്തതായിരിക്കണം.
- പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന കുട്ടികൾക്ക് 100ശതമാനം പ്ലേയ്സ്മെൻ്റ് ഉറപ്പ് വരുത്തേണ്ടതാണ്.

പരിശീലനത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്ന രേഖകൾ പ്രൊപ്പോസലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

1. സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ

A. സ്ഥാപനം നൈപുണ്യ പരിശീലനം നൽകുന്ന കോഴ്സുകളും പ്രസ്തുത കോഴ്സുകളുടെ വിശദ വിവരങ്ങളും

B. പരിശീലനം നൽകുന്ന പരിശീലകരുടെ യോഗ്യത സംബന്ധിച്ചവിശദാംശങ്ങൾ.
C. സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യസ്ഥാപനങ്ങളിൽ മുമ്പ് നടത്തിയ നൈപുണ്യ പരിശീലനത്തിൻ്റെ വിശദാംശങ്ങൾ.
D. അഡ്മിഷൻ ലഭിച്ച കുട്ടികളുടെയും പ്ലേയ്സ്മെൻ്റ് ലഭിച്ച കുട്ടികളുടെ എണ്ണം.
E. പ്ലേസ്മെന്റ് നടത്തുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന സ്ഥാപനങ്ങൾ. (with concerned Proof)
F. Theory Class കൾ Practical Class കൾ ഉൾപ്പെടെ എത്ര മണിക്കൂറാണ്കോഴ്സുകൾക്ക് നൽകുന്നത് എന്നതിന്റെ വിശദാംശങ്ങൾ.

പരിശീലനം കഴിഞ്ഞവർക്ക് ലഭ്യമാക്കേണ്ട മിനിമം Salary Package ചുവടെ പറയുന്നരീതിയിലായിരിക്കണം.

- 6 മുതൽ 9 മാസം കാലാവധിയുള്ള കോഴ്സുകൾക്ക് മിനിമം സാലറി ആദ്യത്തെ 6 മാസം 13,000/- രൂപയും 6-ാം മാസം മുതൽ 15,000/- രൂപയും ഒരു വർഷത്തിന് ശേഷം ശമ്പള വർദ്ധനവും നൽകണം.
- 10 മുതൽ 12 മാസം കാലാവധിയുള്ള വരെ കോഴ്സുകൾക്ക് മിനിമം സാലറി 18,000/- രൂപ ലഭിച്ചിരിക്കണം.
- 10% Foreign Placement or മിനിമം സാലറി 18,000/- രൂപ (അഡ്മിഷൻ നേടിയ ആകെ കുട്ടികളുടെ 10% പേർക്ക്)
- Placement നും ശമ്പളത്തിനും അനുസൃതമായിട്ടായിരിക്കും സ്ഥാപനത്തിനുള്ള തുകയുടെ നിശ്ചിത ഗഡുക്കൾ വകുപ്പ് നൽകുന്നത്.

2. പരിശീലന സ്ഥാപനത്തിൻ്റെ ഹോസ്റ്റൽസംബന്ധിച്ച വിശദാംശങ്ങൾ
3. കോഴ്സിനെ സംബന്ധിച്ച പൂർണ്ണമായ ധനകാര്യ വിശകലനം. കോഴ്സ് ഫീ ഘടന സ്റ്റൈപ്പന്റ്/യൂണിഫോം ചെലവുകൾ എന്നിവ പ്രത്യേകമായി കാണിക്കണം.
4. നൈപുണ്യ വികസന പരിശീലനമേഖലയിലെ കുറഞ്ഞത് 5 വർഷത്തെ പ്രവർത്തി പരിചയം.
5. സ്ഥാപനത്തിന്റെ അവസാന 3 വർഷത്തെ ആഡിറ്റ് റിപ്പോർട്ട്.
6. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യത്തിൻ്റെ വിവരം.
7. പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ സർക്കാരിൻ്റെ ബ്ലാക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും, യാതൊരുവിധ പൊലീസ് വിജിലൻസ് അന്വേഷണങ്ങളും നേരിടുന്നില്ലായെന്നുള്ള സത്യവാങ്മൂലം.

പ്രൊപ്പോസലുകൾ ചുവടെ കാണുന്ന വിലാസത്തിൽ 15.01.2026, 5 P.M നകം ലഭിക്കേണ്ടതാണ്.

വിലാസം :- ഡയറക്ടർ

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ്

വികാസ് ഭവൻ 4-ാം നില

തിരുവനന്തപുരം

ഫോൺ നമ്പർ :0471 -2303229

ടോൾ ഫ്രീ നമ്പർ : 18004252312

വെബ് സൈറ്റ് :www.stdd.kerala.gov.in

DIRECTOR

Digitally signed by
Mithun Premraj
Date: 07-01-2026
07:55:15